**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല – കഥകളി മേള – ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.3815/2017/തസ്വഭവ | തിരുവനന്തപുരം, തീയതി, 27/11/2017

---

പരാമർശം:- 1. ശ്രീ. രാജു അബ്രഹാം എം.എൽ.എ യുടെ 06/11/2017 ലെ കത്ത്.
2. 16/02/2006 ലെ സ.ഉ.(എം.എസ്)58/06/തസ്വഭവ നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അയിരൂർ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്തു വെച്ച് 2018 ജനുവരി 8 മുതൽ 14 വരെ നടക്കുന്ന കഥകളി മേളയ്ക്ക് ജില്ലയിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിനുള്ള അനുമതിയാണ് പരാമർശം (1) പ്രകാരം ശ്രീ. രാജു അബ്രഹാം എം.എൽ.എ ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം പരിശോധിച്ചു. പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ അയിരൂർ ചെറുകോൽപ്പുഴ പമ്പാ മണൽപ്പുറത്തു വെച്ച് 2018 ജനുവരി 8 മുതൽ 14 വരെ ഒരാഴ്ചക്കാലം നീണ്ടു നിൽക്കുന്ന കഥകളി മേളയുടെ സംഘാടനത്തിനായി ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 10,000/- (പതിനായിരം) രൂപ വീതവും, പത്തനംതിട്ട ജില്ലാ പഞ്ചായത്ത് 1,50,000/- (ഒരു ലക്ഷത്തി അൻപതിനായിരം) രൂപയും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് അവരുടെ കമ്മിറ്റി തീരുമാനത്തിനും പരാമർശം (2) ലെ ഉത്തരവിലെ വ്യവസ്ഥകൾക്കും വിധേയമായി യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സെക്രട്ടറി, പത്തനംതിട്ട ജില്ലാ കഥകളി ക്ലബ് ആഡിറ്റ് ചെയ്ത വരവ് ചെലവുകളുടെ അടിസ്ഥാനത്തിൽ ധന വിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
സിനി.ജെ.ഷുക്കൂർ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
സെക്രട്ടറി, പത്തനംതിട്ട ജില്ലാ പഞ്ചായത്ത്
സെക്രട്ടറി / പ്രസിഡന്റ്, പത്തനംതിട്ട ജില്ലാ കഥകളി ക്ലബ്ബ്, അയിരൂർ കഥകളി ഗ്രാമം, പത്തനംതിട്ട.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ